ദേശസാൽക്കൃത റൂട്ടുകളുടെ സ്വകാര്യവൽക്കരണം

9 (*249) ശ്രീ. പിരപ്പൻകോട് മുരളി :
ശ്രീ. മത്തായി ചാക്കോ :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ദേശസാൽക്കൃത റൂട്ടുകൾ സ്വകാര്യ വൽക്കരിക്കാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ; എങ്കിൽ ആയത് സംബന്ധിച്ച് വിശദമാക്കാമോ ;

(ബി) ഏതെല്ലാം റൂട്ടുകൾ സ്വകാര്യവൽക്കരിക്കാനാണിപ്പോൾ നടപടി കളുണ്ടായിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ദേശസാൽക്കൃത റൂട്ടുകളിൽ യാത്രക്കാരുടെ ആവശ്യാനുസരണം കൂടുതൽ കെ.എസ്.ആർ.ടി.സി. ബസ്സുകൾ ഓപ്പറേറ്റ് ചെയ്താൽ വരുമാനത്തിൽ ഇനിയും വർദ്ധന ഉണ്ടാകുമെന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ ;

(ഡി) നിലവിലുള്ള ദേശസാൽക്കൃത റൂട്ടുകൾ സമീപപ്രദേശങ്ങളുമായി സംയോജിപ്പിച്ച് കാലോചിതമായി പരിഷ്ക്കരിച്ച് കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സ്വകാര്യ വാഹന ഉടമകളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകിവരുന്ന നടപടി അവസാനിപ്പിക്കാൻ തയ്യാറാകുമോ ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) :

(എ&ബി) സംസ്ഥാനത്തെ ദേശസാൽക്കൃത റൂട്ടുകൾ എല്ലാംതന്നെ സ്വകാര്യവൽക്കരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ കോട്ടയം-കട്ടപ്പന റൂട്ട് ഡീനാഷണലൈസ് ചെയ്യുവാൻ തീരുമാനമെടുത്തിട്ടുണ്ട്. പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം പരിശോധിക്കാവുന്നതേയുള്ളൂ.

(ഇ) വാഹന ഉടമകളുടെ സമ്മർദ്ദങ്ങൾക്ക് വിധേയമായി പെർമിറ്റ് നൽകുന്ന തായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ദേശസാൽക്കൃത റൂട്ടുകളിലോ, സ്വകാര്യ വാഹനങ്ങ ളുടെ എണ്ണം നിജപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളോ ഒഴികെയുള്ള റൂട്ടുകളിൽ പെർമിറ്റിനായി നിർദ്ദിഷ്ട നടപടി ക്രമങ്ങൾ പാലിച്ച് സമർപ്പിക്കുന്ന അപേക്ഷ നിലവിലുള്ള നിയമത്തിലെ ഉദാര വ്യവസ്ഥയനുസരിച്ച് നിരസിക്കാൻ സാധിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly